WRITTEN ANSWERS

ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്

* 280. [7] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അത്യാവശ്യ ലൈനുകളിൽ ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ ആരംഭിക്കുമെന്ന ഗവണ്മെൻറിന്റെ പ്രഖ്യാപിത നയത്തിനനുസരണമായി 1963–64 വർഷത്തിൽ (ഡിസംബർ അവസാനംവരെ) ഏതെല്ലാം റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ആരംഭിക്കുകയുണ്ടായി ?

(ബി) പാലാ, തൊടുപുഴ പ്രദേശങ്ങൾ വഴി കോട്ടയം–എറണാകുളം ഫാസ്റ്റ് പാസഞ്ചർ തുടങ്ങുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 1. പാലക്കാട്–കണ്ണൂർ.
2. കോഴിക്കോട്–ഗുരുവായൂർ.
3. കോട്ടയം–തേക്കടി.

(ബി) തൽക്കാലം നിർവാഹമില്ല.

വാർദ്ധക്യകാല പെൻഷൻ

* 281. [18] ശ്രീ. എം. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 വർഷത്തിൽ ഡിസംബർ അവസാനംവരെ വാർദ്ധക്യകാലപെൻഷൻ ഇനത്തിൽകൊടുത്ത മൊത്തം തുക എത്ര ;

(ബി) എത്ര വൃദ്ധന്മാർക്ക് ടി വർഷം പെൻഷൻ കൊടുത്തു;

(സി) വാർദ്ധക്യകാലപെൻഷൻ അനുവദിക്കുന്ന കാര്യത്തിൽ കാലതാമസം നേരിടുന്നു എന്ന പരാതി ഇപ്പോഴും ഉണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1963–ൽ ഡിസംബർ അവസാനംവരെ വാർദ്ധക്യകാലപെൻഷൻ ഇനത്തിൽ 16,00,660 രൂപ 84 നയാപൈസ കൊടുത്തിട്ടുണ്ടെന്നാണ് അറിയുന്നത്.

(ബി) 3673 പേർക്ക്.

(സി) ഇല്ലെന്നുതന്നെ പറയാം.

പത്രങ്ങളുടെ സർക്കുലേഷൻ

* 282. [21] ശ്രീ. പി. കെ. അബ്ദുൽ ഖാദർ : താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ, ബി, സി) റിപ്പോർട്ട് അനുസരിച്ച് കേരളത്തിലെ ഏറ്റവും കൂടുതൽ പ്രചാരമുള്ള പത്രങ്ങൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഒടുവിലത്തെ എ. ബി. സി. കണക്ക് അനുസരിച്ച് ഏറ്റവും പ്രചാരമുള്ള പത്രങ്ങൾ താഴെ പറയുന്നവയാണ്.

1. മാതൃഭൂമി—1,37,477. †
2. മലയാളമനോരമ—1,32,332.
3. കേരളകൗമുദി—64247.

Note: ഈ മൂന്ന പത്രങ്ങൾക്ക് പുറമേ താഴെ പറയുന്ന മൂന്നപത്രങ്ങളുടെ സർക്കുലേഷനും എ. ബി. സി. കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ദീപിക—24,357
2. മലയാളരാജ്യം—21,208
3. എക്സ്പ്രസ്—17,204

കേരളത്തിലെ മറ്റു ദിനപ്പത്രങ്ങളിൽ ചിലതിനു് ഈ മൂന്നപത്രങ്ങളെക്കാൾ കൂടുതൽ പ്രചാരമുള്ളതായിക്കാണുന്നു. പക്ഷേ അവയുടെ സർക്കുലേഷൻ ഔദ്യോഗികമായി സ്വീകരിക്കപ്പെട്ടിട്ടില്ല.

ഉദാ: ദേശാഭിമാനി—23,000

† എറണാകുളത്തും കോഴിക്കോട്ടും അച്ചടിക്കുന്ന പ്രതികളുടെ തുക.

പ്രൈവറ്റ സെക്കൻഡറി സ്കൂൾ അദ്ധ്യാപകരുടെ പ്രോവിഡൻറ് ഫണ്ട്

* 283. [25] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പ്രൈവറ്റ സെക്കൻഡറി സ്കൂൾ അദ്ധ്യാപകന്മാരുടെ പ്രോവിഡൻറ് ഫണ്ടു് പദ്ധതി നടപ്പാക്കുന്നതിലുള്ള കാലതാമസത്തിനു് കാരണമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

പ്രോവിഡൻറ് ഫണ്ടു് സ്കീം നടപ്പാക്കുന്നതിനുള്ള സത്വരനടപടി ഡിപ്പാർട്ടുമെൻറു് എടുത്തുവരുന്നുണ്ടു്.

ഈ. എസ്. ഐ. തൊഴിലാളികൾക്ക് ആശുപത്രികൾ.

* 284. [27] ശ്രീ. പി. ബാലചന്ദ്രമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ. എസ്. ഐ. തൊഴിലാളികൾക്കായി സ്റ്റേറ്റിൽ എത്ര ആശുപത്രികൾ നിർമ്മിച്ചിട്ടുണ്ടു് ;

(ബി) നടപ്പുവർഷത്തിൽ എത്രയെണ്ണം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു് ;

(സി) ഇന്നു നിലവിലുള്ള ബഡ്ഡുകളുടെ എണ്ണം അപര്യാപ്തമാണെന്ന വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ. എസ്. ഐ. തൊഴിലാളികൾക്കായി സ്റ്റേറ്റിൽ ആകെ എത്ര ബഡ്ഡുകൾ ഉണ്ടു് ;

(ഇ) ക്ഷയരോഗാശുപത്രികളിൽ എത്ര ബഡ്ഡുകൾ ഉണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly